# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2360      12.02.2020-ൽ മറുപടിയ്ക്ക്

**കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ**

| ചോദ്യം<br>ശ്രീ.പി. ഉണ്ണി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലും കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | സാധ്യതാ പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് പുതിയ ശാഖകൾ ആരംഭിക്കുന്നത്. തൊട്ടടുത്ത ശാഖയിൽ നിന്നുള്ള ദൂരം, നിർദ്ദിഷ്ട സ്ഥലത്തിന്റെ പ്രാധാന്യം, ജനസംഖ്യ, പ്രദേശവാസികളുടെ പ്രധാന വരുമാന സ്രോതസ്സ്, അവിടെ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട സ്ഥാപനങ്ങളുടെ എണ്ണം, തത്തുല്യ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾ, ശാഖയുടെ പ്രവർത്തനത്തിന് ആവശ്യമായ കെട്ടിടത്തിന്റെ ലഭ്യത, സബ് രജിസ്ട്രാർ ഓഫീസ്/ട്രഷറി ഓഫീസ് എന്നിവയുടെ സാന്നിദ്ധ്യം എന്നിവയ്ക്ക് പുറമെ ബിസിനസ്സ് സാധ്യത തുടങ്ങിയ മാനദണ്ഡങ്ങൾ പരിഗണിച്ചാണ് പുതിയ ശാഖകൾ ആരംഭിക്കുന്നത്. സംസ്ഥാനത്തിന്റെ എല്ലാ നഗര സഭകളിലും കെ.എസ്.എഫ്.ഇ ശാഖകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ശാഖകൾ ഇല്ല. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലും കെ.എസ്.എഫ്.ഇ ശാഖകൾ ആരംഭിക്കണമെന്നുള്ളതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. മേല്പറഞ്ഞ മാനദണ്ഡങ്ങൾ കൂടി കണക്കിലെടുത്ത് കമ്പനിയുടെ 2020 -21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നിലവിൽ ശാഖകൾ ഇല്ലാത്ത പഞ്ചായത്ത് പ്രദേശങ്ങളിൽ ശാഖകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | പാലക്കാട് ജില്ലയിൽ നിലവിൽ ഏതെല്ലാം പ്രദേശങ്ങളിൽ കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (ബി) | പാലക്കാട് ജില്ലയിൽ നിലവിൽ 27 കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | പാലക്കാട് ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കെ.എസ്.എഫ്.ഇ.യുടെ ബ്രാഞ്ചുകൾ ആരംഭിക്കുന്നകാര്യം പരിഗണിക്കാമോ? | (സി) | സാദ്ധ്യതാ പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് കെ.എസ്.എഫ്.ഇ ശാഖ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നത്. പാലക്കാട് ജില്ലയിൽ മേല്പറഞ്ഞ 27 ശാഖകൾക്കു പുറമെ കോട്ടായി, പത്തിരിപ്പാല, ഒറ്റപ്പാലം-II, മുണ്ടൂർ, തത്തമംഗലം, കൊപ്പം എന്നീ 6 പ്രദേശങ്ങളിൽ കൂടി ശാഖകൾ തുടങ്ങുവാൻ 2019-2020 ബഡ്ജറ്റിൽ തീരുമാനമെടുത്തിട്ടുണ്ട്. ഇനിയും ശാഖ തുടങ്ങുവാൻ ഉതകുന്ന സ്ഥലങ്ങളുണ്ടോ എന്ന് പരിശോധിച്ച് ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

<u>**അനുബന്ധം**</u>

| | | | |
|---|---|---|---|
| 1. | ആലത്തൂർ | 15. | മണ്ണാർക്കാട് |
| 2. | അലനെല്ലൂർ | 16. | നെന്മാറ |
| 3. | ചന്ദ്രനഗർ | 17. | ഒലവക്കോട് |
| 4. | ചെർപ്പ്ളശ്ശേരി | 18. | ഒറ്റപ്പാലം |
| 5. | ചിറ്റൂർ | 19. | പാലക്കാട് ഈവനിംഗ് (കൽമണ്ഡപം) |
| 6. | കല്ലടിക്കോട് | 20. | പാലക്കാട് മെയിൻ (സുൽത്താൻ പേട്ട്) |
| 7. | കഞ്ചിക്കോട് | 21. | പാലക്കാട് II (റെയിൽ വേ സ്റ്റേഷൻ റോഡ്) |
| 8. | കൊട്ടുവായൂർ | 22. | പറളി |
| 9. | കൊല്ലങ്കോട് | 23. | പട്ടാമ്പി |
| 10. | കോങ്ങാട് | 24. | ഷൊർണ്ണൂർ |
| 11. | കുറ്റനാട് | 25. | ശ്രീകൃഷ്ണപുരം, |
| 12. | കൊഴിഞ്ഞാമ്പാറ | 26. | വടക്കുംചേരി |
| 13. | കുഴൽമന്ദം | 27. | വാണിയംകുളം |
| 14. | മംഗലം ഡാം | | |

Priya

**സെക്ഷൻ ഓഫീസർ**